**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1417** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>സാംസ്കാരിക വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. കെ. രമ ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കലാകാരന്മാർക്ക് ധനസഹായവും ക്ഷേമപദ്ധതികളും ലഭ്യമാക്കുന്നതിനായി നിലവിലുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>**

**<u>1. സാംസ്കാരിക വകുപ്പ്</u>**

അറുപത് വയസ്സിന് മുകളിലുള്ളവരും സമൂഹത്തിൽ സാമ്പത്തിക പ്രയാസം നേരിടുന്നവരുമായ കലാകാരൻമാർക്കും സാഹിത്യകാരൻമാർക്കും അർഹതയുടെ അടിസ്ഥാനത്തിൽ പ്രതിമാസ സാമ്പത്തിക സഹായം എന്ന നിലയിൽ 2000/- രൂപ വീതം പ്രതിമാസ പെൻഷൻ (കലാകാരപെൻഷൻ) അനുവദിച്ചു വരുന്നു. കൂടാതെ അർഹതയുള്ള കലാകാരൻമാർക്ക് ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ചികിത്സാധനസഹായവും അനുവദിച്ചുവരുന്നു.

**<u>2. കേരളസംസ്ഥാന സാംസ്കാരിക പ്രവർത്തകക്ഷേമനിധി ബോർഡ്</u>**

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി അംഗങ്ങളായവർക്ക് നിലവിൽ നൽകി വരുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു:

**പെൻഷൻ**

കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശാദായം അടച്ച ഒരു അംഗത്തിന് അറുപത് വയസ്സ് തികയുന്നതിന്റെ അടുത്തമാസം മുതലോ നിർദ്ദിഷ്ട നിബന്ധനപ്രകാരം അംഗത്വം ലഭിച്ച ഒരാളിന്, അംഗത്വം ലഭിച്ച് ഒരു മാസം പൂർത്തിയാകുമ്പോൾ മുതലോ സൂപ്പറാന്വേഷൻ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. നിലവിൽ 5000//- രൂപയാണ് പെൻഷൻ ഇനത്തിൽ നൽകി വരുന്നത്.

**കുടുംബ പെൻഷൻ**

കുറഞ്ഞത് രണ്ട് വർഷം അംശദായം അടച്ച ഒരു അംഗമോ, പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്ന അംഗമോ മരണപ്പെട്ടാൽ യഥാർത്ഥ അവകാശികൾക്ക് ആവശ്യമായ രേഖകൾ സമർപ്പിച്ച് ഫാമിലി പെൻഷന് അപേക്ഷ നൽകാവുന്നതും പ്രതിമാസം 1600/- രൂപ ഫാമിലി പെൻഷന് അർഹതയുണ്ടായിരിക്കുന്നതും ആണ്.

**അവശതാപെൻഷൻ**

ക്ഷേമനിധിയിൽ കുറഞ്ഞത് 5 വർഷം അംശാദായം അടച്ചിട്ടുള്ളതും സ്ഥിരമായ ശാരീരിക അവശത മൂലം തുടർന്ന് പ്രവർത്തനം നടത്താൻ കഴിയാത്തതുമായ ഒരംഗത്തിന് കുടിശ്ശിക എന്തെങ്കിലും ഉണ്ടെങ്കിൽ അത് അടച്ച് അംഗത്വം നിലനിറുത്തുന്ന പക്ഷം പ്രതിമാസം 1600/- രൂപ അവശതാപെൻഷന് അർഹ തയുണ്ടായിരിക്കുന്നതാണ്.

**ചികിത്സാ സഹായം**

ക്ഷേമനിധിയിൽ തുടർച്ചയായി മൂന്ന് വർഷം അംശാദായം അടച്ച ചിസ് ആരോഗ്യ സുരക്ഷാ പദ്ധതിയിൽപ്പെടാത്ത അംഗത്തിനും കുടുംബാംഗങ്ങൾക്കും ക്ഷേമനിധിയുടെ ആക്ടിൽ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ചികിത്സാ

സഹായത്തിന് അർഹതയുണ്ടായിരിക്കും. മാരകരോഗങ്ങളായ ഹൃദ്രോഗം, കാൻസർ, വൃക്ക സംബന്ധമായ അസുഖം, കരൾ സംബന്ധമായ അസുഖം എന്നിവയ്ക്ക് 2 ലക്ഷം രൂപവരെ ചികിത്സാ സഹായത്തിനായി വ്യവസ്ഥ ഉണ്ട്. ചികിത്സാ ധനസഹായം 2 ലക്ഷം രൂപ കൈപ്പറ്റിക്കഴിഞ്ഞാൽ ഓരോ മൂന്ന് വർഷം കൂടുമ്പോഴും ആവർത്തന ധനസഹായമായി രണ്ട് ലക്ഷം രൂപ ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

**വിവാഹ ആനുകൂല്യം**

കുറഞ്ഞത് ഒരുവർഷമെങ്കിലും നിധിയിലേക്ക് അംശദായം അടച്ച അംഗത്തിന്റെയോ അംഗങ്ങ ളുടെ പ്രായപൂർത്തിയായ പെൺമക്കളുടെ വിവാഹ ആവശ്യത്തിലേക്കായി 50,000/- രൂപ ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ട്.

**മരണാനന്തര ചെലവ്/സഹായം**

ഒരംഗം അസുഖംമൂലമോ, അപകടം മൂലമോ മരണപ്പെട്ടാൽ ആദ്യത്തെ മൂന്ന് വർഷത്തെ കാലാ വധിക്കുള്ളിൽ പരമാവധി 25,000/- രൂപ അംഗത്തിന്റെ കുടുംബത്തിന് മരണാനന്തര ധനസഹായം ലഭിക്കു ന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

**പ്രസവാനുകൂല്യം**

ക്ഷേമനിധിയിലേക്ക് മൂന്നുമാസത്തിൽ കുറയാത്ത കാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള വനിതാ അംഗത്തിന് പ്രസവാനുകൂല്യമായി 5000/- രൂപ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

18 വയസ്സിനും 60 വയസ്സിനുമിടയ്ക്കുള്ള കലാകാരന്മാർക്ക് ക്ഷേമനിധി അംഗത്വത്തിന് അപേക്ഷിക്കാവുന്നതും, അംഗത്വം ലഭിച്ച് അംശദായം അടയ്ക്കുന്നവർക്ക് ക്ഷേമനിധി ആക്റ്റ് പ്രകാരം പറഞ്ഞ ധനസഹായങ്ങളെല്ലാം അനുവദിച്ച് വരുന്നു.

**(ബി)** കുട്ടികളിലും യുവാക്കളിലും കലാ-സാംസ്കാരിക അഭിരുചി വളർത്തുന്നതിനായി സാംസ്കാരിക സ്ഥാപനങ്ങൾ മുഖേന നടപ്പാക്കിവരുന്ന പ്രത്യേക പരിപാടികളും പരിശീലന പദ്ധതികളും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കുട്ടികളിലും യുവാക്കളിലും കലാ- സാംസ്കാരിക അഭിരുചി വളർത്തുന്നതിനും കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തെ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനുമായി വിവിധ സാംസ്കാരിക സ്ഥാപനങ്ങൾ മുഖേന പരിപാടികൾ നടപ്പാക്കി വരുന്നു.ഇതിന്റെ ഭാഗമായി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ആരംഭിച്ച 'ക്യാമ്പസ് ഫ്ലിക്സ്-സിനിമ ടു ക്യാമ്പസ്' പദ്ധതിയിലൂടെ കോളേജ് വിദ്യാർത്ഥികളിൽ ചലച്ചിത്രാസ്വാദനവും ചലച്ചിത്ര സാക്ഷരതയും വളർത്തുന്നതിനും മലയാളസിനിമയുടെ ചരിത്രവും ലോകസിനിമയിലെ ക്ലാസിക് സൃഷ്ടികളും പരിചയപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ വിവിധ അക്കാദമികൾ മുഖേന കലാ-സാംസ്കാരിക പരിപാടികൾ, പരിശീലനക്കളരികൾ, ശില്പശാലകൾ, പ്രദർശനങ്ങൾ, യുവജനപങ്കാളിത്തത്തോടെയുള്ള സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയും സംഘടിപ്പിച്ചു വരുന്നു.

**(സി)** വടകര നിയോജകമണ്ഡലത്തിലെ സാംസ്കാരിക സ്ഥാപനങ്ങൾക്കും കലാ-സാഹിത്യ പ്രവർത്തനങ്ങൾക്കും പ്രോത്സാഹനം നൽകുന്നതിനായി വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്നുള്ള വിശദാംശം ലഭ്യമാക്കാമോ?

**<u>മറുപടി:</u>** വടകര ബ്ലോക്ക് ക്ലസ്റ്ററിൽ പെയിന്റിംഗ് വിഭാഗത്തിലും കോൽക്കളി വിഭാഗത്തിലും കലാപരിശീലനം നൽകി വരുന്നു. വടകര നിയോജകമണ്ഡലത്തിലെ ക്ഷേമനിധി അംഗത്വമെടുത്ത കലാകാരൻമാർക്ക് ക്ഷേമനിധി ആക്ട് പ്രകാരമുള്ള മേൽവിവരിച്ച ധനസഹായങ്ങൾ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അനുവദിച്ച് വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**